രാജ്യമൊട്ടാകെ ഔഷധ വിപണന ലൈസൻസുകൾ ഏകീകൃതമാക്കുന്നതിന്റെ ഭാഗമായി ചില്ലറ, മൊത്ത വ്യാപാര ലൈസൻസുകൾ നൽകുന്നതിന് **ONDLS 'ഒരു രാഷ്ട്രം : ഒരു ലൈസൻസിങ് സംവിധാനം'** പ്രാവർത്തികമായിരിക്കുന്നു.

സമഗ്രമായ100% കടലാസ് രഹിതമായ (Paper Less) ഏകജാലക (Single Window ) ഇലക്ട്രോണിക് സംവിധാനമാണ് ONDLS(Online National Drugs licensing system). വ്യാപാര ലൈസൻസുകൾക്കു പുറമെ, മരുന്നു നിർമ്മാണ ലൈസൻസ്, ബ്ലഡ് ബാങ്ക് ലൈസൻസ്, COPP (Certificate Of a Pharmaceutical Product), GMP (Good Manufacturing Practice Certificate), WHO-GMP ( World Health Organization-Good Manufacturing Practice Certificate), Market Standing Certificate, Non Conviction Certificate തുടങ്ങി ഔഷധ മേഖലയിൽ ആവശ്യമുള്ള എല്ലാ സർട്ടിഫിക്കറ്റുകളും ലഭ്യമാക്കുന്ന ഓൺലൈൻ ഏകജാലക സംവിധാനമാണിത്.

ലോകത്തിന്റെ സമ്പൂർണ്ണ ഔഷധശാലയാകാൻ തയ്യാറായിക്കൊണ്ടിരിക്കുന്ന ഭാരതം, ഏറ്റവുംവലിയ വ്യവസായമായിമാറിക്കൊണ്ടിരിക്കുന്ന ഔഷധ മേഖലയ്ക്ക് ഭാരതസർക്കാരിന്റെയും അതിന്റെകീഴിൽ പ്രവർത്തിക്കുന്ന CDSCO (Central Drugs Standard Control Organization) ന്റെയും പിൻതുണയോടെ നൽകിയ CDAC (Centre for Development of Advanced Computing ) കൈകാര്യം ചെയ്യുന്ന ഈ പോർട്ടൽ നിസ്സാരക്കാരനല്ല. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളും ഔഷധ നിർമ്മാണത്തിനും, വിപണനത്തിനുമുള്ള ലൈസൻസിങ്ങിനും അനുബന്ധ സേവനങ്ങൾക്കും ഈ ഏകജാലക സംവിധാനത്തിനു മുന്നിൽ ഒരുകുടക്കീഴിൽ നിൽക്കും.

കടലാസും കയ്യെഴുത്തും ഒപ്പുവെക്കലും, സാക്ഷ്യപ്പെടുത്തിയ പകർപ്പും മാറി ഒറിജിനൽരേഖകൾ സ്കാൻ ചെയ്തു സ്വയം ID സൃഷ്ടിച്ചു, രജിസ്റ്റർചെയ്ത് upload ചെയ്യുന്ന വേഗതയാർന്ന, സുതാര്യമായ സംവിധാനം! പഴയ MOP (Manual Of Office Procedure )ഉം കേരളവും,ഗുജറാത്തും, മഹാരാഷ്ട്രയും , കർണ്ണാടകവും ലൈസൻസിങ്ങിന് ഉപയോഗപ്പെടുത്തിയ XLN സംവിധാനവുംവഴിമാറുന്നു.

## ONDLS സിസ്റ്റം ലൈസൻസിംഗ് പ്രക്രിയ ലളിതമാക്കിയോ?

**ലളിതം ....പക്ഷെ ....** ഈ സംവിധാനത്തിനനുസൃതമായി കുറച്ചു കൂടി flexible ആകുന്നില്ലെങ്കിൽ സങ്കീർണ്ണം തന്നെ!

മുൻപ് ആവശ്യമായിരുന്നതിനേക്കാൾ കൂടുതൽ രേഖകൾ ആവശ്യം!

സാക്ഷ്യപ്പെടുത്തിയ രേഖകൾവേണ്ട; എന്നാൽ ഒറിജിനൽ രേഖകളിൽനിന്നു scan ചെയ്ത് രൂപപ്പെടുത്തേണ്ട രേഖകൾ ! കടലാസിൽ ഒന്നും നല്കേണ്ടതില്ല. എന്നാൽ കടലാസിൽ തയ്യാറാക്കിയാലേ അതുനൽകാനാവൂ!

സ്വയം I.D രജിസ്റ്റർചെയ്ത് ആവശ്യമായ എല്ലാവിവരങ്ങളുംചേർത്ത് എല്ലാരേഖകളും upload -ചെയ്ത് Paper less ആയിഅപേക്ഷനൽകാം.

ഔഷധവില്പന രംഗത്ത് അധികവും റീറ്റെയ്ൽ വ്യാപാരികളാണ്. ഫാറം 20, 21 ലൈസൻസുകളാണ് റീട്ടെയിൽ വ്യാപാരത്തിനാവശ്യം. രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനം അനിവാര്യമാണ്.

Technical Person അതായത്, രജിസ്റ്റേർഡ് ഫാർമസിസ്റ്റ് ONDLS ൽ രജിസ്റ്റർചെയ്യേണ്ടതുണ്ട്.

Full profile രജിസ്റ്റർ ചെയ്യുന്നതിന് ഫാർമസിസ്റ്റിന്റെ വ്യക്തിഗത, വിദ്യാഭ്യാസ, പ്രായോഗിക പരിജ്ഞാന രേഖകൾ ആവശ്യമാണ്.

മുൻപ് പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളിൽനിന്നും Experiance Certificate, Appoinment Letter, Relieving Letter എന്നിവ ആവശ്യമാണ്.

ONDLS നൽകുന്ന രജിസ്ട്രേഷൻ നമ്പർവഴി ഫാർമസിസ്റ്റിന്റെ profile കാണാനാവും. ഫാർമസിസ്റ്റിന്റെ സേവനം തേടാനും നിയമനത്തിനായി അംഗീകാരം ഉറപ്പുവരുത്താനും നിയമനം നടത്താനും ഞൊടിയിടകൊണ്ട് സാധിക്കും; ഭാരത്തിലെവിടെയിരുന്നും!

## പുതിയ ഡ്രഗ്സ് ലൈസൻസ് അപേക്ഷക്കാവശ്യമായ രേഖകൾ

1. സ്ഥാപനത്തിന്റെ ഉടമസ്ഥത
2. സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ രേഖകൾ
3. സ്റ്റോറേജ് സൗകര്യങ്ങൾ
4. ഫാർമസിസ്റ്റ് എന്ന Technical Personന്റെ അംഗീകാര രേഖകൾ ഇതെല്ലാം സംബന്ധിച്ച ഒറിജിനൽ രേഖകൾ ഇലക്ട്രോണിക് pdf രൂപമാറ്റം വരുത്തിയാണ് ഉപയോഗിക്കേണ്ടത്. ഫോട്ടോ jpeg രൂപത്തിലും.

നിലവിൽ ONDLS ൽഫീസ്അടക്കുന്ന സംവിധാനം ഇല്ല. അത്അണിയറയിൽ തയ്യാറാകുന്നുണ്ട്. ഇപ്പോൾ ഫീസ് നിലവിലുള്ള രീതിയിൽ അടച്ചു ചലാൻ എടുക്കാം.

ഹോൾസെയിൽ വ്യാപാരം ഫാറം 20B, 21B -ലൈസൻസുകൾ പ്രകാരമാണ്.

ഇതിൽ Technical Person - രജിസ്റ്റേർഡ് ഫാർമസിസ്റ്റോ, ലൈസൻസിങ് അതോറിറ്റി അംഗീകരിച്ച കോമ്പിറ്റെന്റ് പേഴ്സണോ ആയിരിക്കും. അവരും ONDLS ൽരജിസ്റ്റർ ചെയ്തിരിക്കണം.

ഹോമിയോ ഔഷധവില്പന ക്ക് റീട്ടെയിൽ 20C, ഹോൾസെയിൽ 20 D ലൈസൻസുകൾ, ഷെഡ്യൂൾ X - ൽവരുന്ന ഔഷധ വിൽപ്പനക്കായി20F, 20G ലൈസൻസുകൾ, രജിസ്റ്റേർഡ് ഫാർമസിസ്റ്റ് / കോമ്പിറ്റെന്റ് പേഴ്സൺ സേവനം ആവശ്യമില്ലാത്ത 20A നിയന്ത്രിത ഔഷധ ലൈസൻസുകൾ തുടങ്ങിയവയ്ക്കും മുൻപ് പറഞ്ഞരീതിയിൽ രേഖകൾ ആവശ്യമാണ്.

നിലവിൽ ഡ്രഗ്സ് ലൈസെൻസ് ഉള്ളസ്ഥാപങ്ങൾ വിശദാംശങ്ങളും രേഖകളും നൽകി രജിസ്റ്റർ ചെയ്താലേ ലൈസൻസിനോട് ബന്ധപ്പെട്ട ഇതര സേവനങ്ങൾ ലഭ്യമാക്കാനാവൂ.

ഫാർമസിസ്റ്റ് / കോമ്പിറ്റെന്റ്പേഴ്സൺ മാറ്റം / നിയമനം, കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിൽ മാറ്റംവരുത്തൽ , കെട്ടിടമാറ്റം, ഉടമസ്ഥതമാറ്റം, പാർട്ണർഷിപ്പ്ഘടനമാറ്റം തുടങ്ങി വിവിധ കാര്യങ്ങൾ രജിസ്റ്റർചെയ്ത് അംഗീകരിക്കപ്പെട്ടാലേ ഈ സംവിധാനത്തിലൂടെ ചെയ്യാൻകഴിയൂ.

ലൈസൻസ്നിലനിർത്തുക (Retention), അസാധുവാക്കുക (Cancellation) ഇതെല്ലാം രെജിസ്റ്റേർഡ് അംഗീകൃത സ്ഥാപന ങ്ങൾക്കേ സാധ്യമാകൂ.

## നിലവിൽ

ഡ്രഗ്സ് ലൈസൻസ് ഉള്ള സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ഒരുപരിധിവരെ പുതിയ ലൈസൻസിനാവശ്യമായ അത്രയും തന്നെ വിവരങ്ങൾ ആവശ്യമാണ്. എന്നാൽഫീസു വേണ്ട.

ONDLS-ലെ അക്ഷരതെറ്റുകളും ദീർഘ വീക്ഷണക്കുറവു മൂലമുണ്ടായ പോരായ്മകളും പരിഹരിക്കപ്പെടേണ്ടതാണ്. ലൈസൻസിന്റെ അനുബന്ധസേവനങ്ങൾ അപേക്ഷകനെ **'ക്ഷ'** വരപ്പിക്കുന്നുമുണ്ട്. എന്നാൽ സംവിധാനത്തിലെ ഏകീകൃതവ്യവസ്ഥ, ലൈസൻസിന്റെ രൂപഭംഗി, സുതാര്യത, കൃത്യത, സ്റ്റാറ്റിസ്റ്റിക്സ് എല്ലാം ഗംഭീരമാണ്. ഭാരതത്തിനും, ഔഷധമേഖലക്കും, വ്യവസായ, വാണിജ്യകുതിപ്പിനും, ആരോഗ്യ മേഖലയുടെ വളർച്ചക്കും അനിവാര്യമായ മാറ്റമാണിത്.

## നെല്ലിക്ക ആദ്യം കയ്ക്കും, പിന്നെ മധുരിക്കും !

ബാലാരിഷ്ടതകൾ പരിഹരിച്ചു ഈ സംവിധാനം കൂടുതൽ ഫലപ്രദമായി മുൻപോട്ടു പോകുമെന്ന് പ്രത്യാശിക്കാം

(***Adv. A.R Santhosh***, Ernakulam.
Phone: 9447042537, 9447352537)

Anand.M B.



# Torrent Pharma

Torrent Pharma, is one of the leading pharma companies of the Country. Torrent has entered the list of top pharma firms in the Indian Pharma Market (IPM) and is ranked No 8 in the IPM. The Company is ranked amongst the leaders in therapeutic segment of cardiovascular (CV), central nervous system (CNS), gastro-intestinal (GI) and women healthcare (WHC). They also have significant presence in diabetology, pain management, gynaecology, oncology and anti-infective segments. The Pharma have world-class manufacturing facilities, advanced R & D capabilities, extensive domestic network and a widespread global presence. It also has a strong international presence spread across 40 countries with operations in regulated and emerging markets like US, Europe, Brazil and Rest of the World. The Company operate through its wholly owned subsidiaries spread across 12 nations with major setups in Brazil, Germany and US.

The Torrent Group, founded by Late Mr. U. N. Mehta in 1959 and currently lead by Mr. Sudhir Mehta( Chairman,Emeritas) and Mr. Samir Mehta( Chairman), is a driving force dedicated to transforming life.

Their state-of-the art R & D Centre at Bhat near Ahmedabad has one of the most advanced infrastructures for both basic and applied research. The R & D Centre is spread out over 125,000 Sq. mts.is managed by a dedicated staff, who work round the clock to take care of all its needs. It houses 999 inquisitive minds whose passion is to discover and develop medicines to help patients lead a longer and healthier life.

The product range include

**Immediate Releaseitems-** FilmCoated,Uncoated,Mouth dissolving,Dispersible,Chewable,Sachet &Oral Films.

**Modified Release items -** Sustained Release tablet & Delayed Release tablet

**Complex Solids categories-** Osmotic tablet,Bi-Layered,Tablet in Tablet,Multi Unit Particulate System (MUPS)& Oral Oncology products.

**Capsules-** Soft Gelatin,Hard Gelatin,Powder Filled,Tablet in Capsules &Pellets in Capsules.

**Liquid Orals-**Dry Syrup for oral Susp.,Oil based suspension,Aqueous suspension & Multivitamin

**Topicals-** Foams,Gels,Cream,Ointments & Lotions

**Parenteral-** Dry Powder,Lyophilized Powder,Liquid,Long Acting Injectable (LAI) & Ophthalmic & Nasal

**New Dosage Forms – Proprietary Technologies**

Dual Retard Inlay Technology, Compact Tablet Technology, Gastro Retentive System Multiparticulate/ Matrix Based SR/ Modified Release Formulations Long Acting Injectables, Nasal Drug Delivery and Topical Foams.

Torrent Pharma is one of the first companies in India to create programs for employees covering wellness, health & safety, governance, education and professional advancement. To enable employers to sufficiently provide for their employees, Torrent introduced an employee-friendly loan policy with lower rates of interest as compared to the market and Relocation benefits. Medical Insurance Policy covering parents, Personal Accident Insurance Policy covering family members and financial support in the event of a demise helps the Torrentians during difficult times

**CORPORATE OFFICE**

AshramRoad,
Ahmedabad-380009
Gujarat
Phone No. : +91-79-26599000
Fax No: +91-79-26582100

# Ask The Master

**നിങ്ങളുടെ ഔഷധ സംബന്ധമായ സംശയങ്ങൾക്ക് എഴുതുക.**

To,
The Editor, Pharma First
1st Floor, Marymatha Apartments, Piravom Road,
Muvattupuzha-686661. editorial@pharmafirstconsulting.com

***Q.1*** എന്റെ ഒരു സുഹൃത്തിനു ഒരു ആയുർവ്വേദ മരുന്നു നിർമ്മാണ സ്ഥാപനം ഉണ്ട്. റെസിഡൻഷ്യൽ ഏരിയയിൽ വീടിനോടു ചേർന്നാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇവിടെ എല്ലാവിധ മരുന്നുകളും നിർമ്മിക്കാൻ അനുവാദമുണ്ട്. ചില ആയുർവ്വേദ മരുന്നുകൾ ഇപ്പോൾ ഫുഡ് വിഭാഗത്തിൽപ്പെടുത്തി വിൽപ്പന നടത്താൻ പറ്റുമെന്നറിഞ്ഞു. അവ നിർമ്മിക്കുവാൻ ഇപ്പോഴുള്ള സ്ഥലം മതിയാകുമോ?

ജയകുമാർ, കൊല്ലം

***Ans.*** ആയുർവ്വേദ ആഹാർ എന്ന ഒരു പ്രത്യേക വിഭാഗത്തിൽപ്പെടുത്തി ചില വസ്തുക്കൾ നിർമ്മിക്കാനും വിതരണം ചെയ്യാനും കേന്ദ്ര ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഒരു പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ വിശദ വിവരം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അത്തരം വസ്തുക്കൾ നിർമ്മാണം നടത്തുന്നതിന് FSSAI വിഭാഗത്തിൽ നിന്നുമാണ് ലൈസൻസ് എടുക്കേണ്ടത്. നിലവിലുള്ള നിയമപ്രകാരം ഓരോ വസ്തുക്കൾക്കും (മരുന്നിനും, ഭക്ഷ്യവസ്തുക്കൾക്കും) പ്രത്യേകം നിർമ്മാണ ലൈസൻസുകൾ ആവശ്യമാണ്. ഒരു ഡോർ നമ്പറിൽ രണ്ടു ലൈസൻസും കിട്ടില്ല. അതിനാൽ നിലവിലുള്ള സംവിധാനത്തിനടുത്തു തന്നെ വേറൊരു ഡോർ നമ്പറിൽ FSSAI യിൽ നിന്നും അവരുടെ നിബന്ധന പ്രകാരം ലൈസൻസ് എടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ആ വകുപ്പിൽ നിന്നും ലഭിക്കും.

***Q.2*** ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ നിരോധിച്ചതായി പത്രത്തിൽ വാർത്തകൾ വരാറുണ്ട്. അവയുടെ ഉപയോഗം തീർന്ന ശേഷം അതുകൊണ്ടു വല്ല ഗുണവുമുണ്ടോ ? വീണ്ടും ആ മരുന്നുകൾ വിപണിയിൽ കാണുന്നുണ്ടല്ലോ ? ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് ഡ്രഗ്സ് കണ്ട്രോൾ വിഭാഗം ചെയ്യുന്നത്?

ജോർജ് ജോസഫ്, പാലാ.

***Ans.*** മാസം തോറും ഡ്രഗ്സ് ഇൻസ്പെക്ടർമാർ വിപണിയിൽ നിന്നും ഗുണനിലവാര പരിശോധന നടത്തുന്നതിനായെടുക്കുന്ന വിവിധ ബാച്ചുകളിൽപ്പെടുന്ന മരുന്നുകൾ സർക്കാർ ലാബുകളിൽ വിശദമായ പരിശോധനകൾക്കു ശേഷം നിലവാരം കുറഞ്ഞതായി കണ്ടെത്തിയാലുടനെ വിൽപ്പന നിർത്തി വയ്ക്കുകയാണ് ചെയ്യുക. നിലവിലെ നിയമപ്രകാരം വിപണിയിൽ നിന്നും നിർമ്മാണ സ്ഥാപനത്തിൽ നിന്നും മാസം തോറും ഒരു നിശ്ചിത അളവ് മരുന്നുകൾ പരിശോധനയ്ക്കായി വില കൊടുത്തു വാങ്ങി ഗുണമേന്മ പരിശോധിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. ടെസ്റ്റിനെടുക്കുമ്പോൾ അവയുടെ വിൽപ്പന നിരോധിക്കാൻ നിർദ്ദേശമില്ല. അതിനാൽ ടെസ്റ്റ് ചെയ്തു റിപ്പോർട്ട് ലഭിക്കുന്നത് വരെ അവ വിപണിയിൽ നിലനിൽക്കും. ഏറ്റവും വേഗത്തിൽ പരിശോധിച്ചു റിപ്പോർട്ട് ലഭ്യമാക്കാനാണ് കൂടുതൽ ലാബുകൾ കേരളത്തിൽ സ്ഥാപിച്ചിരിക്കുന്നത്. അതിനാൽ മുമ്പത്തേക്കാൾ വേഗത്തിൽ വിപണിയിൽ ശേഷിക്കുന്ന മരുന്നുകളുടെ വിൽപ്പന നിർത്തിവയ്പ്പിക്കാൻ കഴിയുന്നുണ്ട്. ഒരു മരുന്നിന്റെ ഒരു ബാച്ചു മാത്രമാണ് പരിശോധനയ്ക്കെടുക്കുന്നത്. അതിനാൽ നിരോധിച്ചാലും മറ്റു ബാച്ചുകളുടെ വിൽപ്പന നടത്തുന്നതിന് തടസ്സമില്ല. ഗുണനിലവാരമില്ലാത്ത മരുന്നുകൾ നിർമ്മിച്ച സ്ഥാപനത്തിനെതിരെ കുറ്റത്തിന്റെ വ്യാപ്തിയനുസരിച്ചു വകുപ്പുതലത്തിലും കോടതി വഴിയും നടപടികൾ സ്വീകരിക്കുന്നു. ആ ബാച്ചിൽപ്പെട്ട മരുന്ന് പൂർണ്ണമായും വിപണിയിൽ നിന്നും പിൻവലിപ്പിക്കുകയും നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യും. ഒരു മരുന്നിന്റെ നിരോധനം വരുന്നത് അത് മനുഷ്യശരീരത്തിന് അങ്ങേയറ്റം ഹാനികരമാണെന്ന് ഒരു വിദഗ്ധ സമിതി സർക്കാരിന് ശുപാർശ ചെയ്ത ശേഷമാണ്. അവയുടെ നിർമ്മാണവും വില്പനയും പൂർണ്ണമായും നിരോധിക്കും, നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്യും. സർക്കാർ സ്വീകരിച്ച നടപടികൾ വിവരാവകാശ നിയമം വഴി അറിയാൻ കഴിയും.

## Pharma Quiz Answers

1. Pope John Paul II
2. February 11
3. Alzheimer"s disease
4. Close the Care gap
5. Blue and Orange
6. Lung cancer
7. Shillong in Meghalaya State
8. Denmark
9. Cryoablation
10. Teratoma

## മരുന്നുകളുടെ വിൽപ്പനക്കാർ ശ്രദ്ധിക്കേണ്ട പ്രധാന കാര്യങ്ങൾ

ഡോ. സ്വാതി പ്രദീപ്
PHARMACIST,
CINCOTTA CHEMIST, NSW AUSTRALIA



# രോഗികളുടെ പ്രിസ്ക്രിപ്ഷൻ സൂക്ഷിക്കൽ



ഒരു സ്ഥലത്തു മെഡിക്കൽ സ്റ്റോർ തുടങ്ങിക്കഴിഞ്ഞ ശേഷം അവശ്യം ചെയ്യേണ്ട ഒരു കാര്യമാണ് അവിടെ സ്ഥിരമായി മരുന്നുവാങ്ങാൻ എത്തുന്ന രോഗികളുടെ വിവരങ്ങൾ അറിയുകയും അവർക്കു സ്ഥിരമായി വേണ്ട മരുന്നുകൾ മുടക്കം കൂടാതെ നൽകുകയും ചെയ്യുക എന്നുള്ളത്. ഇടയ്ക്കിടെ അവരുടെ അസുഖവിവരങ്ങൾ അന്വേഷിക്കുന്നതിനൊപ്പം ചെയ്യാൻ കഴിയുന്ന വൈദ്യസഹായം ഒരു അടിയന്തിര ഘട്ടത്തിൽ ചെയ്തുകൊടുക്കുകയും വേണ്ടതാണ്. മിക്കവാറും മുതിർന്ന പൗരന്മാരാണ് മാസത്തിലെ ആദ്യ അഞ്ചു ദിവസത്തിനകം മരുന്നുകൾ വാങ്ങാൻഎത്തുന്നവരിൽ കൂടുതലും.

അവർക്ക് സ്ഥിരമായി ഡോക്ടർമാരെക്കാണാനും വേണ്ട ലബോറട്ടറി പരിശോധനകൾ ചെയ്യാനും സൗകര്യം ചെയ്തു കൊടുക്കാവുന്നതാണ്. അതോടൊപ്പം മരുന്നുകളുടെ ഉപയോഗത്തെക്കുറിച്ചു ആധികാരികമായി കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കുകയും വേണം. അവർക്കു വേണ്ട ആരോഗ്യപരിപാലന രീതികൾ വ്യായാമം, ഭക്ഷണ രീതി, ഉറക്കം നിർദ്ദേശിക്കുകയും ചെയ്യാം. കടയിലെ യൂണിഫോം ധരിച്ച ഫാർമസിസ്റ്റു വേണം ആ സേവനം ചെയ്യേണ്ടത്. അവിടെത്തന്നെ ചെറിയ രീതിയിൽ ആരോഗ്യപരിശോധനകളും വേണമെങ്കിൽ നടത്താവുന്നതാണ്. ഉദാ: ബി.പി, ഷുഗർ ,വെയ്റ്റ്, BMI, ശരീര ഊഷ്മാവ് തുടങ്ങിയവ. ചെറിയ ഫീസും ഈടാക്കാം. അങ്ങനെ അവരെ ആ മെഡിക്കൽ സ്റ്റോറിലേയ്ക്ക് സ്ഥിരമായി ആകർഷിക്കാം.

ഏറ്റവും പ്രധാനം ഒരു ഉപഭോക്താവിന്റെ വിശ്വാസം നേടിയെടുക്കുക എന്നുള്ളതാണ്. അതു നേടുകയും അവരോട് നൂറു ശതമാനം സത്യസന്ധത പുലർത്തുകയും ചെയ്താൽ അത് തന്നെയാണ് ആ സ്ഥാപനത്തിന്റെ വിജയവും. ഉപഭോക്താവിന്റെ അനുമതിയോടെ അവർ സ്ഥിരമായി കഴിക്കുന്ന മരുന്നുകളുടെ കുറിപ്പടിയുടെ ഒരു കോപ്പി കടയിൽ സൂക്ഷിച്ചു വച്ചാൽ ഒരു അടിയന്തിരഘട്ടത്തിൽ രോഗിയ്ക്ക് വീട്ടിൽ കൊണ്ടുപോയി മരുന്നു നല്കാനും മുടങ്ങാതെ കഴിക്കാനും സൗകര്യം ചെയ്യാം. ഇങ്ങനെ സൂക്ഷിക്കുമ്പോൾ ആ മരുന്നിന്റെ സ്ഥിരമായ ഉപയോഗം കൊണ്ടുണ്ടാകുന്ന ഗുണവും ദോഷവും കൂടി രോഗിയോട് ചോദിച്ചു മനസ്സിലാക്കിയാൽ ചില പാർശ്വഫലങ്ങൾ തടയാനും കഴിയും. തിരക്കുമൂലം ഡോക്ടർമാർക്ക് മരുന്നു കൊണ്ടുള്ള ബുദ്ധിമുട്ടുകൾ നേരിട്ട് രോഗിയിൽ നിന്നും വിശദമായി അറിയാൻ കഴിയില്ല. അത്തരം കാര്യങ്ങൾ ഡോക്ടറുടെ ശ്രദ്ധയിൽപ്പെടുത്താനും മരുന്നുമാറ്റി എഴുതിക്കാനും ഇതുമൂലം സാധിക്കും. രോഗത്തിന്റെ മാറ്റമനുസരിച്ചു, കുറയ്ക്കേണ്ട മരുന്നുകൾ കുറയ്ക്കാനും മാറ്റിക്കൊടുക്കേണ്ടവ മാറ്റാനും മെഡിക്കൽ സ്റ്റോറിലെ ഇടപെടൽ സഹായിക്കും. ഇടയ്ക്കിടെ രക്ത പരിശോധന നടത്തി നിലവിലെ സ്ഥിതി അറിഞ്ഞു മരുന്നുപയോഗം കുറച്ചുകൊണ്ട് വരാൻ രോഗിയുമായുള്ള ഇടപെടലും ആശയവിനിമയവും സഹായിക്കും. അത്തരം സഹായങ്ങൾ കടയുടെ വിശ്വാസ്യത കൂട്ടാനും കൂടുതൽ ഉപഭോക്താക്കളെ നേടാനും ഫലപ്രദമാകും. ലാഭം മാത്രമല്ല, സ്ഥാപനത്തിന്റെ സൽപ്പേരും തിളങ്ങുന്ന അവസരങ്ങളാണ് ഇവയൊക്കെ. രോഗികളുടെ പേരും, വയസ്സും, മേൽവിലാസവും, ഫോൺ നമ്പറും തുടങ്ങി ഏറ്റവും അടുത്ത പ്രിസ്ക്രിപ്ഷനും കടയിൽ ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചാൽ അത് കച്ചവടത്തിന് വലിയ മുതൽക്കൂട്ടാകും. അതനുസരിച്ചു മരുന്നുവാങ്ങൽ പ്ലാൻ ചെയ്യാൻ പറ്റും. ഉടൻ വിറ്റുപോകുന്ന മരുന്നുകൾ വിലകൊടുത്തു വാങ്ങിയാൽ അതിൽനിന്നും കിട്ടുന്ന ക്യാഷ് ഡിസ്കൗണ്ട് ഒരാളുടെ ശമ്പളം കൊടുക്കാൻ ഉപകരിക്കും. ഇങ്ങനെ ഉപഭോക്താവിന്റെ സംതൃപ്തിയും സ്ഥാപനത്തിന്റെ ലാഭവും ഒരുപോലെ മെച്ചപ്പെടുത്താം ●

തുടരും

# Know the Laws of Drugs

THE COSMETICS RULES 2020 – SALIENT FEATURES

PART - 39

Adv. BIPIN. J.

## 23. Application for grant of license or loan license to manufacture cosmetics for sale or for Distribution.

(7) The State Licensing Authority (SLA)within thirty days from the date of grant of licence or loan licence,shall inspect or authorise any other officer subordinate to such authority to inspect the site and verify the information given in self-certificate in Form COS-7 referred in sub-rule (4).

(8) Where the SLA or any other officer authorised to do so fails to inspect and verify the site of the licence or loan licence within the period referred in sub-rule(7), the licence or loan licence shall be deemed to be valid for all purposes.

(9) In case, it is found at the time of inspection that the self-certificate contained any false information,the Licensing Authority may, after giving the licensee an opportunity to show cause, the licence or loan licence may be cancelled:

Provided that where the SLA is of the view that deficiencies can be removed,the said authority may issue the directions to the holder of the licence or loan licence to stop the manufacturing till the requirements are complied with, and when it is complied with, it shall be informed to Licensing Authority by the applicant and the Licensing Authority if satisfied may issue the directions to restart the manufacturing within five working days of receipt of such compliance.

(10) In case, the original license or loan licence is defaced, damaged or lost; a duplicate copy of the licence or loan licence may be requested for from the State Licensing Authority on payment of fee as specified in the Third Schedule.

## 24. Manufacture at more than one premises.

If cosmetics are manufactured at more than one premises, a separate application for each of such premises shall be made and a separate license obtained for each such premises.

25. Form of license or loan licence to manufacture cosmetics for sale or distribution.

A license or loan licence to manufacture cosmetics for sale or distribution shall be granted in Form COS- 8 and loan licence in Form COS- 9.

26. Conditions of license or loan licence for manufacture of cosmetics

A license in Form COS- 8 shall be subject to the conditions stated therein and to the following other conditions, namely-

(a) Manufacture of cosmetics shall be conducted under the direction and personal supervision of competent technical staff consisting at least one person who is a whole-time employee and who possesses any one of the following qualifications—

(i) holds a Diploma in Pharmacy approved by the Pharmacy Council of India under the

Pharmacy Act, 1948 (8 of 1948), or (ii) is registered under the Pharmacy Act, 1948 (8 of 1948), or

(iii) has passed the Intermediate Examination with Chemistry as one of the subjects or an

examination recognised by the Licensing Authority as equivalent to it.

(iv) holds a bachelor degree in Cosmetic Technology from recognized university

*To be continued*



# Common Homeopathic Remedies

## Part-26

Dr.Anilkumar.V.

This serial contains a review of commonly used Homeopathic medicines for treating Acute and Chronic diseases by referring Materia medica which narrates the homoeopathic remedies authentically.

## DIGITALIS PURPUREA
### (FOXGLOVE)

Digitalis is obtained from the dried leaves of foxglove (Digitalis purpurea) and used to strengthen contractions of the heart muscle.This is indicated when the pulse is weak, irregular, intermittent, abnormally slow, and dropsy of external and internal parts. Weakness and dilatation of the myocardium.

**MIND.-** Despondency; fearful; anxious about the future. Dullness of sense. Every shock strikes in epigastrium. Melancholia, dull lethargic with slow pulse.

**HEAD.--**Vertigo, when walking and on rising, in cardiac and hepatic affections. Sharp, shooting frontal pain, extending into nose, after drinking cold water or eating ice-cream. Heaviness of head. Face bluish. Confusion, fullness and noise in head. Blue tongue and lips.

**EYES.--**Blueness of eyelids. Dark bodies, like flies, before eyes. Change in acuteness of perception of shades of green. Objects, appear green and yellow.

Stomach.--Sweet taste with constant ptyalism. Excessive nausea, not relieved by vomiting. Faintness, great weakness in stomach. Burning in stomach extending to œsophagus. Faintness and vomiting from motion. Discomfort, even after a small quantity of food, or from mere sight or smell.

Abdomen.--Pain in left side and under false ribs. Severe abdominal pains, pulsation in abdominal aorta, and epigastric constriction. Enlarged, sore, painful liver.

**STOOL.--**White, chalk-like, ashy, pasty stools. Diarrhœa during jaundice.

Urine.--Continued urging, in drops, dark, hot, burning, with sharp cutting or throbbing pain at neck of bladder, as if a straw was being thrust back and forth; worse at night. strangury. Full feeling after urination. Constriction and burning, as if urethra was too small.

**FEMALE.--**Labor-like pains in abdomen and back before menses. Uterine hæmorrhage.

Male.--Nightly emission , with great weakness of genitals after coitus. Hydrocele; scrotum enlarged like a bladder. Gonorrhœa, Dropsical swelling of genitals. Enlarged prostate.

Respiratory.--Desire to take a deep breath. Breathing irregular, difficult; deep sighing. Cough, with raw, sore feeling in chest. Expectoration sweetish. Senile pneumonia. Great weakness in chest. Dyspnœa, constant desire to breathe deeply, lungs feel compressed. Chronic bronchitis; passive congestion of the lungs, giving bloody sputum due to failing myocardium. Cannot bear to talk.

**HEART.--**The least movement causes violent palpitation, and sensation as if it would cease beating, if he moves . Frequent stitches in heart. Irregular heart especially of mitral disease. Very slow pulse. Intermits; weak. Cyanosis. Inequality of pulse; it varies. Sudden sensation as if heart stood still. Pulse weak, and quickened by least movement. Pericarditis, Dilated heart, tired, irregular, with slow and feeble pulse. Hypertrophy with dilatation. Cardiac failure following fevers. Cardiac dropsy.

**EXTREMITIES.--**Swelling of the feet. Fingers go to sleep easily. Coldness of hands and feet. Rheumatic pain in joints. Shining, white swelling of joints. Muscular debility. Nocturnal swelling of fingers.

**SLEEP.--**Starts from sleep in alarm that he is falling from a height. Continuous sleepiness.

**FEVER.--**Sudden flushes of heat, followed by great nervous weakness.

**SKIN.--**Erythema, deep red, worse on back, like measles. Blue distended veins on lids, ears, lips and tongue. Dropsical. Itching and jaundiced.

**MODALITIES.--**Worse, when sitting erect, after meals and music. Better, when stomach is empty; in open air.

**RELATIONSHIP.--**Antidotes: Camph; Serpentaria. Incompatible: China. Compare: Nerium odorum (resembles in heart effects Digitalis, but also has an action like Strychnia on spinal cord. Spasms appear more in upper part of body. Palpitation; weak heart will be strengthened by it.

**DOSE.--**The third to thirtieth attenuation will bring about reaction when the drug is homeopathically indicated; but for palliative purposes the physiological dosage is required. For this purpose, the tincture made from the fresh plant, in doses of five to twenty drops, when the cardiac stimulation is desired, or the infusion of 1 1/2 per cent. Dose, one-half to one ounce if the diuretic action is wanted. The tincture may be given on sugar or bread, and nothing liquid be taken for twenty minutes before or after its administration

Aswin. P

# Enalapril




Enalapril is an Angiotensin Converting Enzyme (ACE) inhibitor. It works by blocking a substance in the body that causes the blood vessels to tighten. As a result, it relaxes the blood vessels and lowers blood pressure and increases the supply of blood and oxygen to the heart. The drug is also used in combination with other medicines to treat congestive heart failure. Congestive heart failure (CHF) is a disorder of the ventricles (the lower chambers of the heart) which decreases the heart's ability to pump blood to the body.

It should not be used when there is an allergy to it, or if there is a history of angio edema, Diabetes and kidney disorder. It is not used along with medications that contains aliskiren or if recently took a heart medicine called sacubatril or there is  allergic to any other ACE inhibitor, such as benazepril, captopril, fosinopril, lisinopril, moexipril, perindopril, quinapril, ramipril, or trandolapril.

To make sure its safety, tell the doctor if there is kidney disease (or if on dialysis) liver disease, a history of blood clot or stroke (including TIA or "mini-stroke"); an electrolyte imbalance (such as high levels of potassium in the blood); or heart disease.

Enalapril can cause injury or death to the unborn baby if it is taken during  second or third trimester. It can pass into breast milk and may harm a nursing baby, so should not breast-feed while using this medicine.

It can be taken with or without food. Check the blood pressure, kidney or liver function during its use. Contact the doctor if there is ongoing vomiting or diarrhoea, or if there is sweating more than usual. Dehydration can lead to very low B.P, electrolyte disorders, or kidney failure. Drinking alcohol can further lower the B.P and may increase certain side effects of enalapril.

**Allergic reactions** include hives, severe stomach pain; breathing difficulty, swelling of face, lips, tongue, or throat. Other effects are a light-headed feeling, slow heartbeats; pounding heartbeats or fluttering in the chest; ,little or no urination ;jaundice (yellowing of the skin or eyes); numbness, tingling, or burning pain in the hands or feet; fever, chills, cold or flu symptoms; easy bruising, unusual bleeding; or high potassium -nausea, weakness, tingly feeling, chest pain, irregular heartbeats, loss of movement.

The drug may interact with lithium and NSAIDs (non steroidal anti-inflammatory drugs) like aspirin, ibuprofen, naproxen, celecoxib, diclofenac, indomethacin, meloxicam, and others.

This is available in tablet and solution dosage forms. The usual strengths are 2.5mg, 5mg, 10mg, 20mg. It contains the active substance enalapril maleate. The initial dose is 5 mg per day up to 20 mg taken once a day depending on the blood pressure .The maximum daily dose is 40mg taken once a day.

Store at room temperature away from moisture and heat. Keep the bottle tightly closed when not in use.

# അർജ്ജുനാരിഷ്ടം – ഒരു വിശകലനം

ഹൃദയ സംബന്ധമായ രോഗങ്ങൾക്കു (ഹൃദയാരോഗ്യം സംരക്ഷിക്കാനും, ഉയർന്ന രക്തസമ്മർദ്ദം പോലുള്ള അസുഖങ്ങൾ മാറ്റാനും) പൗരാണികമായി ഉപയോഗിച്ചുവരുന്ന ഒരു ആയുർവ്വേദ പരിഹാരമാണ് അർജ്ജുനാരിഷ്ടം. ആയുർവ്വേദ ആധികാരിക ഗ്രന്ഥങ്ങളായ ശാർങ്ങധര സംഹിത, ചരക സംഹിത തുടങ്ങിയവയിൽ ഈ മരുന്നിന്റെ ഗുണങ്ങൾ വിശദമാക്കിയിട്ടുണ്ട്. ഹൃദ്രോഗം, വായൂകോപം, അജീർണ്ണം, വിശപ്പില്ലായ്മ, ശ്വാസകോശ രോഗങ്ങൾ, മൂത്രതടസ്സം, നീർക്കെട്ടൽ, ചർമ്മരോഗങ്ങൾ തുടങ്ങിയവ ഈ അരിഷ്ടത്തിന്റെ ഉപയോഗം കൊണ്ട് സുഖപ്പെടുന്നു.




## പ്രധാന ചേരുവകൾ :

| | | |
|---|---|---|
| നീർമരുത് തൊലി | (Terminalia Arjuna) | 4kg |
| താതിരിപ്പൂവ് | (Woodfordia fruticosa) | 800 gm |
| ഇലിപ്പപ്പൂവ് | (Madhuca indica) | 800 gm |
| കറുത്തമുന്തിരി | (Vitis vinifera) | 2 kg |
| ശർക്കര | | 4kg |
| ശുദ്ധജലം കഷായത്തിന് | | |

**നിർമ്മാണക്രമം :** 12-24 ml നീർ മരുതിന്റെ തൊലി കഴുകി ഉണക്കുക. നന്നായി പൊടിച്ചു, അരിച്ചെടുക്കുക. ശർക്കര ഒഴികെയുള്ള ചേരുവകൾ വൃത്തിയാക്കി ഉണക്കി പൊടിച്ചു അരിച്ചെടുത്തു സൂക്ഷിക്കുക. നീർമരുത് പൊടി ശുദ്ധജലത്തിൽ കുതിർത്തു രാത്രി മുഴുവൻ വയ്ക്കുക. രാവിലെ ഈ കഷായം തിളപ്പിച്ചു നാലിൽ ഒന്നാക്കി കുറച്ചു വൃത്തിയുള്ള തുണി ഉപയോഗിച്ച് അരിച്ചെടുത്തു സൂക്ഷിക്കുക. ശർക്കരപ്പാനി ഇതിൽ ഒഴിക്കുക. നന്നായി ഇളക്കി, അരിച്ചെടുക്കുക. ഈ ലായനി വാ വട്ടമുള്ള ഒരു പാത്രത്തിൽ ഒഴിച്ചു വച്ച ശേഷം, പൊടിച്ചു വച്ച സുഗന്ധ ദ്രവ്യങ്ങൾ ചേർത്ത് നന്നായിളക്കി അടച്ചു വയ്ക്കുക. അത് വാറ്റിയെടുക്കാൻ പ്രത്യേക മുറിയിൽ സൂക്ഷിക്കുക. ഫെർമെന്റേഷൻ പൂർണ്ണമാകുമ്പോൾ തുണിയിൽ അരിച്ചു വായു കടക്കാത്ത പാത്രങ്ങളിൽ നിറച്ചു സൂക്ഷിക്കുക.

അർജ്ജുന എന്ന നീർ മരുതിൽ അർജുനിക് ആസിഡ്, അർജുനോൺസ്, അർജ്ജുനോളിക് ആസിഡ്, അർജുനെറ്റിൻ തുടങ്ങിയ കെമിക്കലുകളും വിവിധ ഗ്ലൈക്കോസൈഡുകൾ, ടാനിൻ എന്നിവയും അടങ്ങിയിട്ടുണ്ട്. ഇവ വിട്ടുമാറാത്ത ശ്വാസകോശരോഗങ്ങൾ, പ്രമേഹം, അമിതകൊഴുപ്പ്, വൃണങ്ങൾ എന്നിവയ്ക്ക് ഫലപ്രദമാണ്. താതിരിപ്പൂവ് ശരീരത്തിന്റെ രോഗപ്രതിരോധശക്തി വർദ്ധിപ്പിച്ചു, ചർമ്മത്തിലെ നീർക്കെട്ടും, വ്രണങ്ങളും, തടയുന്നു. കൂടാതെ, മൂലക്കുരു, പ്രമേഹം, അതിസാരം, വെള്ളപോക്ക്, വാതം, എല്ലുരോഗങ്ങൾ എന്നിവയെ പ്രതിരോധിക്കുകയും ചെയ്യുന്നു. ഇല്ലി പൂവ് ശ്വാസകോശരോഗങ്ങൾ, ചർമ്മരോഗങ്ങൾ, പൊള്ളൽ, വരട്ടുചൊറി എന്നിവയെ പ്രതിരോധിക്കുന്നു. ഉണക്കമുന്തിരിയിലെ നാരുകൾ, ധാതുലവണങ്ങൾ തുടങ്ങിയവ, ഹൃദ്രോഗം, നേത്രരോഗം, മലബന്ധം, അധിക രക്തസമ്മർദ്ദം, വിളർച്ച, പ്രമേഹം എന്നിവയെ തടയുന്നു. മധുരം നൽകുന്നതിനൊപ്പം ശർക്കരപാനിയ്ക്ക് മലബന്ധം, രക്തസമ്മർദ്ദം, വിളർച്ച, സന്ധി വേദന, അജീർണം എന്നിവയെ പ്രതിരോധിക്കാനും സാധിക്കും. ആന്റി ഓക്സിഡന്റുകളായ ഫ്ളാവനോയിഡുകൾ, ഗ്ലൈക്കോസ!!ൈ!!ഡുകൾ, ഫിനോളിക് ആസിഡുകൾ, ടർപ്പീ നോയിഡുകൾ എന്നിവ അടങ്ങിയ ഇതിലെ ചേരുവകൾ കൊളസ്ട്രോൾ, ട്രൈഗ്ലിസറൈഡുകൾ, ബ്ലഡ് ഷുഗർ എന്നിവ കുറയ്ക്കുന്നു. ഹൃദ്രോഗസാദ്ധ്യത കുറയ്ക്കുന്നു. ഹൃദയമിടിപ്പിന്റെ വ്യതിയാനങ്ങൾ, ധമനികളിലെ രക്തയോട്ടം എന്നിവ സാധാരണനിലയിൽ കൊണ്ടുവരുന്നു. മൂത്രാശയ രോഗങ്ങൾ, മൂത്രതടസ്സം, മൂത്രത്തിൽ പഴുപ്പ് എന്നിവയ്ക്ക് ഈ മരുന്ന് ഫലപ്രദമാണ്. വൃക്കകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും, യൂറിക് ആസിഡ് അളവ് സാധാരണ നിലയിലാക്കി സന്ധിവാതം പ്രതിരോധിക്കാനും, മൂത്രക്കല്ല്, പ്രമേഹാനുബന്ധ മൂത്രാശയരോഗങ്ങൾ എന്നിവയെ നിയന്ത്രിക്കാനും ഈ അരിഷ്ടം പ്രയോജനപ്പെടുന്നു. ആസ്ത്മ, ബ്രോങ്കൈറ്റിസ്, ചുമ, കഫക്കെട്ട് തുടങ്ങിയ ശ്വാസകോശരോഗങ്ങളെയും ഇത് പ്രതിരോധിക്കുന്നു. പുരുഷന്മാരിലെ ലൈംഗിക ശേഷിക്കുറവ് (ബീജങ്ങളുടെ ചലനശേഷി, ഉത്പാദനം, എണ്ണം എന്നിവയുടെ കുറവ്) മെച്ചപ്പെടുത്താനും ടെസ്റ്റോസ്റ്റീറോൺ, എൽ എച്ച് എന്നീ പുരുഷ ഹോർമോണുകളുടെ നിർമ്മാണം കൂട്ടി ശീഘ്ര സ്കലനം പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനും ഇതിനു കഴിയും

മുതിർന്നവർക്കും കുട്ടികൾക്കും ഒരുപോലെ സുരക്ഷിതമായ ഈ മരുന്നിന്റെ ഡോസ് 1224 ാഹ ദിവസം രണ്ടു നേരം ആഹാരശേഷം ചെറുചൂടുള്ള പാലിൽ ചേർത്തോ വെള്ളത്തിൽ ചേർത്തോ ആണ്. അമിതമായാൽ ഛർദ്ദി, ഗ്യാസ്, തലവേദന, മന്ദത, നെഞ്ചുരുക്കം എന്നിവ അനുഭവപ്പെടും

**ഫാർമഫസ്റ്റ് ഗവേഷണ വിഭാഗം**



പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികൾ

ഡോ. ജി. ഹരിദാസ് എം.ഡി.

# സ്ഥിരമായ മലബന്ധം

കൂടെക്കൂടെ മലവിസർജ്ജനത്തിൽ തടസ്സം നേരിടുന്ന അവസ്ഥയാണ് മലബന്ധം. പല കാരണങ്ങൾ മൂലമാണ് ഇത് സംഭവിക്കുന്നത്. തുടർച്ചയായി മൂന്നാഴ്ചയ്ക്കു മുകളിൽ മലബന്ധം അനുഭവപ്പെട്ടാൽ അത് വിട്ടുമാറാത്ത ഒരു രോഗമായി കണക്കാക്കി അടിയന്തിര ചികിത്സ തേടുകയും ചെയ്യേണ്ടതാണ്. ആഴ്ചയിൽ മൂന്നു തവണ മാത്രം ശോധന നടന്നാൽ അതിനെ മലബന്ധമായി കണക്കാക്കാം. മലബന്ധത്തോടൊപ്പം കട്ടിയുള്ള മലം വേദനയുണ്ടാക്കി അപൂർണ്ണമായി പോകുന്നതും ഇതിന്റെ ലക്ഷണമാണ്. ഇന്നത്തെ കാലഘട്ടത്തിൽ ഭക്ഷണരീതിയുടെ പ്രത്യേകത കൊണ്ടും ജീവിതശൈലീ മാറ്റങ്ങൾ കൊണ്ടും പ്രായഭേദമെന്യേ ഉണ്ടാകുന്ന ഈ രോഗം കടുത്ത ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. അതിനെക്കുറിച്ചു വിശദമായി പരിശോധിക്കാം.

## കാരണങ്ങൾ

ജീവിതരീതിയിലെ മുൻഗണനകൾ, ചില മരുന്നുകളുടെ ഉപയോഗം, അനാരോഗ്യം, ഗർഭാവസ്ഥ എന്നിവ സാധാരണയായി മലബന്ധത്തിന് കാരണമാകുന്ന ഘടകങ്ങളാണ്.

## ജീവിതരീതി മൂലം:

- നാരുകൾ കുറഞ്ഞ ഭക്ഷണം കഴിക്കുന്നത്.
- ആവശ്യത്തിന് വെള്ളം കുടിക്കാത്തത്
- വേണ്ടത്ര വ്യായാമം ചെയ്യാത്തത്.
- ചിട്ടയില്ലാത്ത ജീവിതം (സമയ ക്ലിപ്തതയില്ലാത്ത ജോലി, യാത്ര, ഭക്ഷണം, ഉറക്കം)
- കൂടുതൽ പാലും പാൽക്കട്ടിയും കഴിക്കുക.
- കടുത്ത മാനസ്സിക സമ്മർദ്ദം
- മല വിസർജ്ജനം ചെയ്യാനുള്ള മടി

## മലബന്ധം സൃഷ്ടിക്കുന്ന മരുന്നുകൾ

- വേദനാ സംഹാരികളായ codeine, oxycodone, hydro-morphone, Ibuprofen, Naproxen,
- മാനസ്സിക സമ്മർദ്ദം കുറയ്ക്കുന്ന fluoxetine, amitri-ptyline
- കാൽസിയം, അലൂമിനിയം അടങ്ങിയ അന്റാസിഡുകൾ
- ഇരുമ്പടങ്ങിയ ഗുളികകൾ.
- അലർജിക്കുള്ള Benadryl.
- രക്തസമ്മർദ്ദം കുറയ്ക്കുന്ന Verapamil, Diltiazem, Nifedipine, Atenolol.
- മാനസികാരോഗ്യം മെച്ചപ്പെടുത്തുന്ന clozapine, olanz-apine.
- അപസ്മാരരോഗ ചികിത്സയ്ക്കുള്ള phenytoin, gabapentin. ഛർദ്ദികുറയ്ക്കുന്ന ondansetron തുടങ്ങിയവ.

## മലബന്ധം ഉണ്ടാക്കുന്ന രോഗാവസ്ഥകൾ

- Hypothyroidism, Diabetes, Uremia, Hypercalcemia.
- Colorectal Cancer.
- Irritable Bowel Syndrome (IBS).
- Diverticular Disease.
- Outlet Dysfunction Constipation.
- Spinal Cord Injury, Multiple Sclerosis, Parkinson's disease, Stroke.
- Lazy Bowel Syndrome (The Colon Contracts Poorly and retains Stool).
- Intestinal Obstruction.
- Fistula, Colonic Atresia, Volvulus, Intussusception, Imperforate Anus.
- Amyloidosis, Lupus, Scleroderma.

പ്രായമുള്ളവരിൽ ചെറുപ്പക്കാരെ അപേക്ഷിച്ചു മലബന്ധം കൂടുതലായി ഉണ്ടാകുന്നു. അവരുടെ ദഹന പ്രക്രിയ മന്ദീഭവിക്കുന്നതും പ്രവർത്തനശക്തി കുറയുന്നതും ശരീര പേശികൾ മുറുകുന്നതുമൂലവുമാണ് ഇങ്ങനെ വരുന്നത്.

സ്ത്രീകൾക്ക് പ്രസവാവസ്ഥയിലും മുലയൂട്ടുമ്പോഴും ഉണ്ടാകുന്ന ഹോർമോൺ വ്യതിയാനങ്ങളും ഗർഭാശയത്തിൽ കിടക്കുന്ന ശിശുവിന്റെ ചലനം മൂലം കുടലിലുണ്ടാകുന്ന ക്ഷതവും ഇവരിൽ മലബന്ധം സൃഷ്ടിക്കുന്നു.

## ലക്ഷണങ്ങൾ

- ആഴ്ചയിൽ മൂന്നു ദിവസത്തിൽ കുറവ് മലവിസർജ്ജനം ചെയ്യുക.
- ഉണങ്ങി, കട്ടിയായി, കഷണങ്ങളായി മലം പോകുക
- കടുത്ത വയറുവേദനയോടെയുള്ള മലവിസർജ്ജനം
- വയറ്റിൽ കോച്ചിവലിക്കൽ
- വയറു വീർത്തു ഛർദ്ദിയുണ്ടാക്കുന്ന അനുഭവം
- ഓരോ തവണയും പൂർണ്ണമായി മലവിസർജ്ജനം ചെയ്യാത്ത പോലെയുള്ള തോന്നൽ

## എങ്ങനെ സംഭവിക്കുന്നു?

വൻകുടൽ, വിസർജ്ജ്യത്തിൽ നിന്നും കൂടുതലായി വെള്ളം വലിച്ചെടുക്കുമ്പോൾ മലം ഉണങ്ങി കട്ടിയായി ശരീരത്തിൽ കെട്ടിക്കിടന്നു മലബന്ധമുണ്ടാക്കുന്നു. അതുമൂലം ഭക്ഷണം ദഹനേന്ദ്രിയത്തിലൂടെ സാവധാനം നീങ്ങും.പോഷകഘടകങ്ങളുടെ ആഗിരണം തടസ്സപ്പെടും.

## മറ്റു സങ്കീർണ്ണതകൾ

മൂലക്കുരു, ഗുദം പൊട്ടൽ, അധികം മലം കെട്ടിക്കിടക്കുന്നതു മൂലം മലാശയത്തിലുണ്ടാകുന്ന ആഘാതം, വസ്തിപ്രദേശത്തെ പേശികൾക്ക് ക്ഷതം, മൂത്രതടസ്സം തുടങ്ങിയവ.

## രോഗനിർണ്ണയം

ഡോക്ടറുടെ അടുത്തു മടി കൂടാതെ ശരിയായ ജീവിതരീതി പറയുക. ഭക്ഷണ, വ്യായാമ, തൊഴിൽ, വിശ്രമ കാര്യങ്ങളും നിലവിലുള്ള ദഹനസംബന്ധിയായ പ്രശ്നങ്ങളും വിശദമാക്കുക.

## നൽകേണ്ട പ്രധാന വിവരങ്ങൾ:

- നിലവിൽ കഴിക്കുന്ന മരുന്നുകളും, ആരോഗ്യ പോഷകങ്ങളും.

- അടുത്തകാലത്തു ശരീരഭാരം വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ അത്.
- ഉദരരോഗ ശസ്ത്രക്രിയ ചെയ്തിട്ടുണ്ടെങ്കിൽ ആ വിവരം.
- മലശോധന മെച്ചപ്പെടുത്താൻ നിലവിൽ ഉപയോഗിക്കുന്ന മരുന്നുകളുടെ വിവരങ്ങൾ.
- കുടുംബത്തിൽ ആർക്കെങ്കിലും ഇത്തരം ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നോ എന്നും.
- മലാശയ അർബുദം ബന്ധുക്കളിൽ ആർക്കെങ്കിലും വന്നിട്ടുണ്ടെങ്കിൽ അതും അറിയിക്കുക.
- എത്ര പ്രാവശ്യം ദിവസം മലവിസർജ്ജനം ചെയ്യുന്നുണ്ടെന്ന വിവരം.
- മലത്തിന്റെ സ്വഭാവം, രക്തം പോകുന്നുവെങ്കിൽ ആ വിവരവും പറയുക.
- തുടർന്ന് ഡോക്ടർ ദേഹപരിശോധന നടത്തും. ഉദരം, മലദ്വാരം എന്നിവിടങ്ങളിൽ കൈയും വിരലുമുപയോഗിച്ചു എന്തെങ്കിലും തടിപ്പോ,നീർക്കെട്ടലോ, വേദനയോ, ബലഹീനതയോ ഉണ്ടോയെന്ന് വിശദ പരിശോധന നടത്തും. ശരീര ഊഷ്മാവ്, പൾസ്, രക്തസമ്മർദം, ഭാരം തുടങ്ങിയവയും നോക്കും.

മേല്പറഞ്ഞ പരിശോധനകൾ പോരാതെ വരുമ്പോൾ രക്തം, മലം, മൂത്രം എന്നിവ പരിശോധിക്കും. ഹൈപ്പോ തൈറോയ്ഡിസം, വിളർച്ച, പ്രമേഹം, അണുബാധ, നീരുവീഴ്ച, കാൻസർ തുടങ്ങിയവ ഉണ്ടോയെന്ന് അതുവഴി അറിയാം. തുടർന്ന് CT, MRI തുടങ്ങിയവയും ആവശ്യമെങ്കിൽ ചെയ്യും.

Colonoscopy (കാൻസർ പരിശോധന), colorectal transit studies (ഒരു റേഡിയോ ആക്റ്റീവ് വസ്തു ഉപയോഗിച്ച് കുടലിലെ ചലനം പരിശോധിക്കുക), x-ray (defecography), balloon expulsion test, anorectal manometry തുടങ്ങിയവയും ചെയ്തു രോഗകാരണം അറിയും.

## ചികിത്സാ രീതികൾ

**സ്വയം കരുതൽ** (ആശുപത്രിയിൽ പോകാതെ വീട്ടിലിരുന്നു ശീലിക്കാവുന്ന കാര്യങ്ങൾ)

ദിവസവും ഒരു കുപ്പി വെള്ളം കൂടുതൽ കുടിക്കുക, മദ്യം, കാപ്പി, ചായ എന്നിവ പരമാവധി ഒഴിവാക്കുക, കൂടുതൽ പഴവർഗ്ഗങ്ങളും പച്ചക്കറികളും ഭക്ഷണത്തിൽ ഉൾപ്പെടുത്തുക, നാരുകൾ അടങ്ങിയ ഭക്ഷ്യവസ്തുക്കൾ അധികമായി കഴിക്കുക, മാംസം, മുട്ട, പാൽവിഭവങ്ങൾ കുറയ്ക്കുക, തവിടുള്ള ഭക്ഷ്യധാന്യങ്ങൾ, കറുത്ത മുന്തിരി ഇവ കൂടുതൽ കഴിക്കുക, ശരീര വ്യായാമം, നടത്തം ശീലമാക്കുക,.

ടോയ്ലെറ്റിൽ സൗകര്യപ്രദമായി ഇരിക്കുക, ടോയ്ലെറ്റിൽ പോകുമ്പോൾ വായനയും ഫോൺ ഉപയോഗവും ഒഴിവാക്കുക, ആവശ്യമെങ്കിൽ വയറിളക്കാൻ പ്രകൃതിദത്ത ഭക്ഷ്യവസ്തുക്കളടങ്ങിയ ഫുഡ് സപ്പ്ളിമെൻറ്സ് ഉപയോഗിക്കുക

മലബന്ധ സാദ്ധ്യതയുള്ള ഭക്ഷ്യ വസ്തുക്കളുടെയും മരുന്നുകളുടെയും വിവരം ശേഖരിച്ചു അവ ഒഴിവാക്കാൻ ശ്രമിക്കുക, ദൂഷ്യഫലമില്ലാത്തവ ഡോക്ടറുടെ നിർദ്ദേശാനുസരണം ഉപയോഗിക്കുക. ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ പ്രകാരം കഴിക്കേണ്ട മരുന്നുകൾ: lubiprostone, prucalopride, plecanatide lactulose, linaclotide എന്നിവ ശരിയായ രോഗനിർണ്ണയ ശേഷം നൽകും.

### ശസ്ത്രക്രിയ

വൻകുടലിൽ എന്തെങ്കിലും തടസ്സം മൂലം മലബന്ധം ഉണ്ടായാൽ ആയതു നീക്കാൻ ശസ്ത്രക്രിയ ചെയ്യാറുണ്ട്.ഉദാഹരണം: intestinal obstruction, intestinal stricture, anal fissure, rectal prolapse എന്നിവയ്ക്ക്. കോളൺ, റെക്ടൽ കാൻസർ ചികിത്സയ്ക്കും ശസ്ത്രക്രിയ നിർദ്ദേശിക്കാറുണ്ട്.

## പ്രതിരോധ മാർഗ്ഗങ്ങൾ

ഫൈബർ അടങ്ങിയ ഭക്ഷണം (ദിവസം 30 ഗ്രാം വരെ) ശീലമാക്കുക, കൂടുതൽ വെള്ളം (എട്ട് ഔൺസ് ദിവസവും) കുടിക്കുക, സ്ഥിര വ്യായാമം, വിസർജ്ജനം പിടിച്ചു നിർത്താതെ ചെയ്യുക.

കേൾക്കുമ്പോൾ നിസ്സാരമെന്നു തോന്നുമെങ്കിലും ഈ ആരോഗ്യപ്രശ്നം നീണ്ടു നിന്നാൽ ഗുരുതരമാകും. അതിനാൽ കാരണം ശാസ്ത്രീയമായി കണ്ടെത്തിയ ശേഷം ഫലപ്രദമായ പ്രതിവിധികൾ മടി കൂടാതെ സ്വീകരിക്കുക. നല്ല ഭക്ഷണം, വ്യായാമം, അദ്ധ്വാനം, ഉറക്കം, ശോധന എന്നിവ ഒരാളുടെ ആരോഗ്യത്തെ നിലനിർത്തുന്ന സമ്പൂർണ്ണ ഫോർമുലയാണെന്നു പ്രത്യേകം ഓർക്കുക ●

സൂരജ് കെ.കെ.

(ഇന്നത്തെ കാലത്തു അറിഞ്ഞിരിക്കേണ്ട ചില രക്ത പരിശോധനകളും അവയുടെ പ്രത്യേകതകളും അതനുസരിച്ചു ഡോക്ടർമാരെ കണ്ടു രോഗപ്രതിരോധവും ചികിത്സയും സ്വീകരിക്കേണ്ട ആവശ്യകതയും വിവരിക്കുന്ന പുതിയ പംക്തി)

# ഹൃദയ, രക്ത ധമനി രോഗങ്ങൾ

### രക്തപരിശോധനകൾ

ശരീരത്തിലെ കൊഴുപ്പ്, കൊളസ്ട്രോൾ (LDL, HDL, Triglycerides), ബ്ലഡ് ഷുഗർ, സി-റിയാക്റ്റീവ് പ്രോട്ടീൻ, അപോ ലിപ്പോപ്രോട്ടീൻ എ 1 & എ 2 എന്നിവയാണ് പ്രാഥമിക രക്തപരിശോധന വഴി കണ്ടെത്തുന്നത്. അടുത്തകാലത്തു നടന്ന ഹൃദയാഘാതം തിരിച്ചറിയുന്നതിനു പ്രോട്ടീൻ അളവ് നിർണ്ണയിക്കുന്നത് ഗുണം ചെയ്യും. ഹൃദയാഘാതമുണ്ടാകുമ്പോൾ ഹൃദയ പേശികളിലെ കോശങ്ങൾ നിർജ്ജീവമാവുകയും പ്രോട്ടീൻ കൂടുതലായി രക്തത്തിൽ കലരുകയും ചെയ്യും. അതിന്റെ അളവാണ് സൂചകമായി എടുക്കുന്നത്.

മറ്റുള്ള ഘടകങ്ങളായ Cardiac Troponin-T, Fibrinogen, PAI-1, Homocysteine, Dimethyl arginine, Natriuretic Peptide (BNP) എന്നിവയുടെ അളവിലുണ്ടാകുന്ന വർദ്ധനവ് ഹൃദയാഘാതത്തെ കൃത്യമായി നിർണ്ണയിക്കുന്നു.

### ഇ സി ജി (Electrocardiogram):

വളരെ എളുപ്പം ചെയ്യാവുന്ന, വേദനാരഹിതമായ ഒരു ടെസ്റ്റാണിത്. ഹൃദയത്തിന്റെ ഇലെക്ട്രിക്കൽ പ്രവർത്തനം റെക്കോർഡ് ചെയ്തു ഗ്രാഫ് ആയി ലഭ്യമാക്കുന്നു. ഹൃദയമിടിപ്പിന്റെ വേഗതയും താളക്രമവും അതിലൂടെ കടന്നുപോകുന്ന ഇലെക്ട്രിക്കൽ സിഗ്നലുകളുടെ സമയവും ശക്തിയും ഇതുവഴി മനസ്സിലാക്കാം. ഹൃദയാഘാതം, നെഞ്ചുവേദനയോടെ പ്രത്യക്ഷപ്പെടാറുള്ള ഹൃദ്രോഗം, ഹൃദയധമനീ വീക്കം തുടങ്ങിയവ നിർണ്ണയിക്കാം.

### ആയാസ പരിശോധന

ട്രെഡ് മില്ലിൽ ഓടിച്ചോ, രോഗിയെക്കൊണ്ട് കഠിനമായി വ്യായാമം ചെയ്യിച്ച ശേഷമോ ഹൃദയമിടിപ്പ് മരുന്നുനല്കി വർദ്ധിപ്പിച്ച ശേഷമോ ECG ഇലെക്ട്രോഡുകൾ ശരീരത്തിൽ പിടിപ്പിച്ചു വ്യായാമം ഹൃദയത്തിൽ വരുത്തുന്ന മാറ്റം പരിശോധിക്കാം. Atheroisclerosis, coronary heart diseases തുടങ്ങിയ രോഗമുള്ളവരുടെ രക്തധമനികളിൽ കൊഴുപ്പടിഞ്ഞുകൂടി ആവശ്യത്തിന് രക്തം ഹൃദയത്തിലേക്ക് പമ്പു ചെയ്യാൻ പറ്റാതെ വരുന്നു. ഇത് ശ്വാസതടസ്സവും നെഞ്ചുവേദനയും സൃഷ്ടിക്കുന്നു. ഇ.സി.ജിയിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ ഇത്തരം രോഗങ്ങളെ ശരിയായി നിർണ്ണയിക്കാം.

### എക്കോ കാർഡിയോഗ്രഫി

ഹൃദയത്തിന്റെ പ്രവർത്തനക്ഷമത ശബ്ദതരംഗം ഉപയോഗിച്ച് കണ്ടെത്തുന്ന ടെസ്റ്റാണിത്. വേദനാരഹിതമായ ഈ പരിശോധന വഴി ഹൃദയത്തിന്റെ യഥാർത്ഥ ചിത്രം (രൂപം, വലിപ്പം, പ്രവർത്തന രീതി, വാൽവ്, അറകൾ എന്നിവയുടെ സ്ഥിതി) അറിയാൻ കഴിയും. ഇതും കളർ ഡോപ്ലർ ടെസ്റ്റും ഒരുമിച്ചു ചെയ്താൽ ഹൃദയത്തിൽ രക്തയോട്ടം കുറവുള്ള സ്ഥലങ്ങൾ, ശരിയായി പ്രവർത്തിക്കാത്ത ഹൃദയപേശികൾ, ഹൃദയപേശികളിൽ മുൻപുണ്ടായ ക്ഷതങ്ങൾ എന്നിവയും കണ്ടെത്താൻ സാധിക്കും.

### കൊറോണറി ആൻജിയോഗ്രാഫി & കാർഡിയാക് കത്തീറ്ററൈസേഷൻ

കൊറോണറി ആർട്ടറികളിലേയ്ക്ക് കടന്നു ചെല്ലുന്ന വിധത്തിൽ രക്തധമനികളിൽ ഒരു ഡൈ കുത്തിവച്ചു ചെയ്യുന്ന ടെസ്റ്റ് ആണ് കത്തീറ്ററൈസേഷൻ.പ്രത്യേക ഇമേജിങ് രീതികളുപയോഗിച്ചു അതിൽ നിന്നും രക്തവാഹിനിക്കുഴലുകളുടെ വിശദമായ ചിത്രം എടുക്കുന്നതാണ് ആൻജിയോഗ്രഫി. ഹൃദയധമനികളിലെ ഒഴുക്കിലെ തടസ്സം കണ്ടെത്തി പരിഹരിക്കാൻ ഇതുവഴി സാധിക്കും.

### ചെസ്റ്റ് എക്സ്റേ


ഈ പരിശോധനയിലൂടെ ഹൃദയം, ശ്വാസകോശം, പ്രധാന രക്തധമനികൾ എന്നിവയുടെ വലിപ്പവും, രൂപവും അറിയാൻ കഴിയും.

### ഇലക്ട്രോൺ ബീം കംപ്യൂട്ടഡ് ടോമോഗ്രഫി അഥവാ EBCT

ഹൃദയ ധമനികളുടെ ഭിത്തിയിലെ കാൽസിയം നിക്ഷേപം കണ്ടെത്തി Atherosclerosis, Coronary Heart Disease എന്നീ രോഗങ്ങൾ നിർണ്ണയിക്കാം.

### കാർഡിയാക് എം.ആർ.ഐ. സ്കാനിംഗ്

റേഡിയോ രശ്മികൾ, മാഗ്നെറ്റുകൾ, എന്നിവയുപയോഗിച്ചു കമ്പ്യൂട്ടറിൽ ഹൃദയത്തിന്റെ ത്രീ ഡി ഇമേജ് സൃഷ്ടിച്ചു, അതിന്റെ പ്രവർത്തനവും പൂർണ്ണ രൂപവും തിരിച്ചറിഞ്ഞു രോഗനിർണ്ണയം എളുപ്പമാക്കുന്ന പരിശോധനയാണിത്



# മായം ചേർത്ത ഭക്ഷണവും ആരോഗ്യ പ്രശ്നങ്ങളും.

ലക്ഷ്മി നായർ M.Sc

ഭക്ഷണത്തിനു രുചി, മണം, നിറം, രൂപം ഇവ പരിഷ്കരിക്കാനും ലാഭം കൂട്ടാനും ഉപയോഗിക്കുന്ന വസ്തുക്കളുടെ പാർശ്വഫലങ്ങൾ ആരോഗ്യത്തെ പല വിധത്തിൽ ദോഷകരമായി ബാധിക്കുന്നു. മായം ചേർക്കൽ എന്നാൽ അറിഞ്ഞോ അറിയാതെയോ ഭക്ഷണത്തിന്റെ ഗുണമേന്മയെ പ്രതികൂലമായി ബാധിക്കുന്ന, വിലകുറഞ്ഞ, അംഗീകൃതമല്ലാത്ത രാസവസ്തുക്കൾ കൂട്ടിച്ചേർത്തു ഉപഭോക്താവിനെ ആകർഷിക്കുന്ന വിധത്തിൽ യഥാർത്ഥ വസ്തുക്കളിൽ മാറ്റം വരുത്തി വിൽപ്പന നടത്തുന്ന പ്രക്രിയയാണ്. അങ്ങനെ ആ വസ്തുവിന്റെ കാലാവധി കൃത്രിമമായി കൂട്ടാനും സാധിക്കുന്നു. ഇത്തരം വസ്തുക്കൾ ഒരു ഭക്ഷ്യവസ്തുവിൽ ചേർക്കുമ്പോൾ അവയുടെ ഗുണവും പോഷകഫലങ്ങളും കുറയുകയും ദൂഷ്യഫലങ്ങൾ ഉണ്ടാക്കുകയും ചെയ്യും. പകരമുപയോഗിക്കുന്ന പല വസ്തുക്കളിലും ഹാനികരമായ വിഷവസ്തുക്കളും കാൻസർ രോഗകാരണമായ ഘടകങ്ങളും അടങ്ങിയിട്ടുണ്ട്. മായം ചേർക്കുന്നതിന്റെ പ്രധാന ഉദ്ദേശം ലാഭേച്ഛ തന്നെയാണ്. സുരക്ഷയെക്കാളും സ്വന്തം ഉയർച്ച മാത്രമാണ് അവരുടെ താൽപ്പര്യം. അതിനായി യഥാർത്ഥ വസ്തു ഭാഗികമായി മാറ്റി വിലയും ഗുണമേന്മയും സുരക്ഷയും കുറഞ്ഞ പകരം വസ്തുക്കൾ ചേർക്കും.

## ഉദാഹരണം

പാലിൽ വെള്ളം ചേർക്കുക, പയർ വർഗ്ഗങ്ങളിൽ തരി മണല്, ഉണ്ടക്കല്ലുകൾ എന്നിവ കലർത്തുക, സസ്യ എണ്ണയിൽ വിലകുറഞ്ഞ എണ്ണകളും, മിനറൽ എണ്ണയും, രാസവസ്തുക്കളും ചേർക്കുക. നല്ല ഭക്ഷ്യ വസ്തുക്കളിൽ ചീഞ്ഞതും മോശമായതുമായവ കലർത്തുക.

അതുകൂടാതെ,ഭക്ഷണവുമായി പ്രതിപ്രവർത്തിച്ചു അവയെ കേടാക്കുന്ന വിലകുറഞ്ഞ പാക്കിങ് വസ്തുക്കൾ ഉപയോഗിക്കൽ, അറിഞ്ഞു കൊണ്ട് നല്ലതിൽ മായം ചേർത്തു അവയുടെ അളവും തൂക്കവും കൂട്ടി ലാഭമുണ്ടാക്കൽ, അറിഞ്ഞോ അറിയാതെയോ കലരുന്ന ലെഡ്, മെർക്കുറി തുടങ്ങിയ ഘന ലോഹങ്ങൾ ഭക്ഷണം കൈകാര്യം ചെയ്യുമ്പോൾ അശ്രദ്ധ മൂലം കയറിക്കൂടുന്ന രാസപദാർഥങ്ങൾ, കീടനാശിനികൾ, ചിലന്തി മുതലായവയും രോഗമുണ്ടാക്കുന്നവയാണ്.

## മായം ചേർക്കുന്നതിനായി സാധാരണ അവലംബിക്കുന്ന ചില രീതികൾ


- പഴങ്ങളും പച്ചക്കറികളും എളുപ്പത്തിൽ വളരാനും പഴുക്കാനുമായി പോഷകഗുണം കുറഞ്ഞ ശരീരത്തിനു ഹാനികരമായ രാസവസ്തുക്കൾ ചേർക്കുക.
- ഭക്ഷണയോഗ്യമല്ലാത്ത മണൽ, കല്ല്, പൊടി, കളിമണ്ണ് തുടങ്ങിയവ ചേർക്കുക.
- നിർമ്മാണ തിയതി, കാലാവധി, ചേരുവകളുടെ എണ്ണം, തുടങ്ങിയവ തിരുത്തി ആൾക്കാരെ തെറ്റിദ്ധരിപ്പിച്ചു വസ്തുക്കൾ വിൽക്കുക.
- പോഷകഗുണം, ഗുണമേന്മ എന്നിവയുള്ള വസ്തുക്കൾക്കു പകരം വിലകുറഞ്ഞ, ഗുണമില്ലാത്ത, ഹാനികരമായ വസ്തുക്കൾ ചേർത്ത് അനാരോഗ്യം ഉണ്ടാക്കുക.
- അംഗീകാരമില്ലാത്ത, ഭക്ഷ്യയോഗ്യമല്ലാത്ത, ദോഷകരമായ കളറുകൾ, ഡൈകൾ, പ്രിസർവേറ്റീവ് എന്നിവ ചേർത്ത് ലാഭം ഉണ്ടാക്കുക.
- ഉപയോഗയോഗ്യമല്ലാത്ത കേടുവന്ന ഭക്ഷ്യവസ്തുക്കൾ ലാഭേച്ഛയോടെ മനഃപൂർവ്വം പുതിയതുമായി കലർത്തി അനാരോഗ്യം ഉണ്ടാക്കുക.

## മായം ചേർക്കൽ ഉണ്ടാക്കുന്ന രോഗാവസ്ഥകൾ

രോഗ പ്രതിരോധത്തിനായി സ്ഥിരമായി കഴിക്കുന്ന പാൽ, മൽസ്യം, മാംസം, മുട്ട, പഴങ്ങൾ, പച്ചക്കറികൾ പുതിയ പല രോഗങ്ങളും ഉണ്ടാക്കുന്നു. ശരീരത്തിലടിഞ്ഞു കൂടുന്ന വിഷവസ്തുക്കളുടെ അളവ് കൂട്ടാൻ ഇതിടയാക്കും. പകരം ചേർക്കുന്നതും നിറവും മണവും രുചിയും കാലാവധിയും കൂട്ടാനും ഉപയോഗിക്കുന്ന വസ്തുക്കൾ ഭക്ഷണത്തിന്റെ സ്വാഭാവിക പോഷകഗുണത്തെ കുറച്ചു,ശരീരത്തിന് ദോഷകരമാക്കി കാൻസർ രോഗവും കരൾ,വൃക്ക,ഹൃദയം,പാൻക്രിയാസ് തുടങ്ങിയ പ്രധാന അവയവങ്ങളെ ബാധിക്കുന്ന അസുഖങ്ങളും ഉണ്ടാക്കും. മായം ചേർക്കൽ മൂലമുണ്ടാകുന്ന നഷ്ടങ്ങൾ പ്രത്യക്ഷവും,പരോക്ഷവും സാങ്കേതികവുമായി തരം തിരിക്കാം. പെട്ടെന്ന് വളരാൻ പഴങ്ങളും പച്ചക്കറികളും പച്ചമരുന്നുകളും കൃഷിചെയ്യുമ്പോൾ ചേർക്കുന്ന രാസവളങ്ങളും കീടനാശിനികളും ദൂരവ്യാപകമായ ദോഷമുണ്ടാക്കും

## ആരോഗ്യദൃശ്യം

കെ.എസ്. അരവിന്ദാക്ഷൻ





# Why Pharma First?



Here's why **Pharma First**'s solutions come perfectly aligned to keep your business on the right side of the country's benchmarks. Pharma First is directed by **Mr. M.R Pradeep, M.Pharm, Retd. Deputy Drug Controller, Govt. of Kerala.**

His 38-year long career in multi-verticals – Pharmaceutical Education & Research, Industrial Pharmacy, Formulation Technology, Regulatory affairs - enabled him to gain hands-on experience and in-depth exposure in the industry. In his position as Enforcement Officer, Dept. of Drugs Control, Govt. of Kerala. for a period of 27 years dealing with problems and issues connected with drug formulation, legal compliances both at national and global levels, pharma R&D evolution and the like poised him as a globally acknowledged industry expert. This wide and in-depth exposure enables Pharma First to offer superior consultancy services and knowledge contribution which help our clients realize their organizational visions and goals while remaining growth - focused.

## THE SOLUTIONS SPECTRUM

The origin of Pharma First is inspired by the deep understanding that the segment needs professional consultancy services to make the industry growth-focused while remaining people and patient-friendly. Hence, the company's objective is to simplify the involved processes, while transparently imparting the latest industry happenings and developments taking place across the world.

- Advisory solution for legal policies.
- Aiding expansion drive for new products, securing the mandatory licence.
- Comprehensive guidance to start pharmaceutical firms right from location selection to commencement as per legal and regulatory guidelines.
- Conducting auditing of running shops for business development.
- Conducting training programmes for the community / Hospital Pharmacy staff.
- Counselling for running a community / Hospital Pharmacy successfully.
- Extending support in overcoming legal / regulatory procedures in running shop.
- Guidance to proper management of a community / Hospital Pharmacy.
- Help in obtaining Drugs licence and other requirements to start a sales / distribution firm.
- Medicine formulation and ingredient combination norm advisory solutions.
- Offering professional assistance in creating websites, software development and online trading.
- Dealing with market / consumer complaints and providing technical support to clear such complaint.
- Providing assistance in obtaining licences and registrations of manufacturing units of Drugs and Cosmetic.
- Providing guidance to start medical devices manufacturing units and imparting training to the staff.
- Helping upkeep legal and regulatory compliance of firms for business development.
- Market study to find out the scope of starting a sales and distribution outlet in an area.
- Marketing promotion of Drugs and Cosmetics.
- Help in selecting a product for marketing based on market needs.
- Supporting in the preparation of essential records for running a manufacturing and testing units for GMP, GLP, NABL.
- These services are offered to see through the completion of a project, on a total project fee basis or on a monthly advisory basis remuneration.

Any queries please contact:

PHARMA FIRST
Muvattupuzha

+91 8289856081
+91 9446056081

enquiry@pharmafirstconsulting.com
rdipradeep@gmail.com

ഫാർമ ഫസ്റ്റ്
Vol-5 Issue-1 February 2023

RNI Reg. No : KERBIL/2019/77253
of the Registrar of Newspapers for India
Published on 05 February 2023

Price: ₹40/-
Annual Sub: ₹480/-

PANKAJAKASTHURI®
for life. for ayurveda
Since 1988

# കടുത്ത സന്ധിവേദനയിൽ നിന്നും പങ്കജകസ്തൂരി ഓർത്തോഹെർബ് ടാബ്ലെറ്റ് ആശ്വാസമേകുന്നത് എങ്ങനെ?

വിശിഷ്ട ആയുർവേദ മൂലികകളാൽ നിർമ്മിച്ച, ക്ലിനിക്കൽ പരീക്ഷണങ്ങളാൽ എല്ലാത്തരം സന്ധിവേദനകൾക്കും ഫലപ്രദമെന്നു തെളിയിച്ച പങ്കജകസ്തൂരി ഓർത്തോഹെർബ് ടാബ്ലെറ്റ്സ്, സന്ധികളുടെ ആരോഗ്യം മെച്ചപ്പെടുത്തി സ്വാഭാവിക പ്രവർത്തനത്തിന് സഹായമേകുന്നതിലൂടെ വേദനയിൽ നിന്നും ആശ്വാസമേകുന്നു.


**സന്ധികളിലെ നീർക്കെട്ടിന് ആശ്വാസമേകും:**
ഓർത്തോഹെർബിലെ മൂലികകൾ സന്ധികളിലെ നീർക്കെട്ട് കുറച്ച് ചലനം സുഗമമാക്കാനും, ആരോഗ്യം വീണ്ടെടുക്കാനും സഹായിക്കുന്നു

**സന്ധികളിലെ ലൂബ്രിക്കേഷൻ മെച്ചപ്പെടുത്തും:**
മുട്ടിന് ലൂബ്രിക്കേഷൻ നൽകുന്ന സൈനോവിയൽ ഫ്ളൂയിഡിന്റെ നില മെച്ചപ്പെടുത്തി, സന്ധിചലനം സുഗമമാക്കി, ഉരസൽ മൂലമുണ്ടാകുന്ന തേയ്മാനം നിയന്ത്രിക്കുന്നു

**കാർട്ടിലേജിന്റെ തകരാറുകൾ നിയന്ത്രിക്കും:**
സന്ധികളിലെ കാർട്ടിലേജിന്റെ തേയ്മാനം വീണ്ടും കൂടാതെ നിലനിർത്താൻ സഹായിച്ചു പ്രായാധിക്യത്താലുള്ള തകരാറുകൾ ഫലപ്രദമായി നിയന്ത്രിക്കുന്നു

**പേശികൾക്ക് ആരോഗ്യമേകും:**
പ്രായമേറുമ്പോൾ പേശീ പ്രവർത്തനശേഷി കുറഞ്ഞു സന്ധികളുടെ സ്ഥിരതയെ ബാധിച്ചു വേദനയ്ക്ക് കാരണമാകുന്നു. ഓർത്തോഹെർബ് ടാബ്ലെറ്റിലെ ചേരുവകൾ പേശികളിലെ വീക്കം കുറച്ചു, ബലമേകി, ഈ അവസ്ഥയെ മറികടക്കാൻ സഹായിക്കുന്നു.

**അസ്ഥിക്ഷയത്തെ നിയന്ത്രിക്കും:**
പ്രായമേറുമ്പോൾ ഉണ്ടാകുന്ന അസ്ഥിക്ഷയം ഫലപ്രദമായി തടയുന്നതിനു പുറമെ വേദന കുറയാനും സഹായിക്കുന്നു.



5 in 1 action

**സന്ധിവേദനകളിൽ നിന്നും ആശ്വാസം നേടി സ്വാഭാവികമായ ജീവിതം വീണ്ടെടുക്കൂ, പങ്കജകസ്തൂരി ഓർത്തോഹെർബ് ടാബ്ലെറ്റിനൊപ്പം**




CLINICALLY PROVEN · GMP · 100% HERBAL

നിങ്ങളുടെ സംശയങ്ങൾ ഡോക്ടറോട് ചോദിച്ചറിയാൻ: 080694 98110

പങ്കജകസ്തൂരി
## ഓർത്തോഹെർബ്®
ടാബ്ലറ്റ്സ് & ഓയിൽ

സന്ധിവേദനയ്ക്ക് ആശ്വാസം, ആയുർവേദത്തിലൂടെ

**കഴിക്കേണ്ട വിധം:** തുടക്കത്തിൽ 2 ഗുളിക വീതം 3 നേരം ആഹാരത്തിന് ശേഷം. വേദന കുറയുന്നത് അനുസരിച്ച് 2 ഗുളിക വീതം 2 നേരം

Pankajakasthuri Herbals India (P) Ltd. • Ph: 0472 289 5301/6301 • info@pkhil.com • www.pankajakasthuri.in

Owner, M. R. Pradeep, Publisher, M. R. Pradeep, Printer, M. R. Pradeep, Printed at M/s Sterling Print House (P) Ltd, Door No. 49/1849, AIMS Ponekkara P.O, Cochin 682041 and published from M/s Pharmafirst, MMC No 18/ 449 A2,Piravom Road, Muvattupuzha - 686661. Editor, M. R. Pradeep. M. Pharm.